കിളിക്കൂട് കിളിയെക്കൊണ്ടും
വീട് പെണ്ണിനെക്കൊണ്ടും.
jthrees@hotmail.com

"ഇത് നിനക്ക് ആര് തന്നെടീ?"
"ഇതെൻെറ ഒരു കൂട്ടുകാരൻ തന്നതാ."
മകളുടെ കൈയിൽ മൊബൈൽ കണ്ട് അത്ഭുതത്തോടെയാണ് അവളുടെ പിതാവ് അതെപ്പറ്റി അന്വേഷിച്ചത്. അവളുടെ മറുപടി അയാളെ സംശയാലുവാക്കി. വിശദമായ അന്വേഷണത്തിലാണ് ആ ഫ്രണ്ട്ഷിപ്പിലെ അക്ഷന്തവ്യമായ ചില കാര്യങ്ങൾ പുറത്തു വന്നത്.

പറഞ്ഞിട്ടെന്ത്? അങ്ങനെയാണ് കാര്യങ്ങൾ നീങ്ങുന്നത്.

നമുക്ക് എന്തോ സംഭവിച്ചിട്ടുണ്ട്. എവിടെയോ താളം തെറ്റിയിരിക്കുന്നു.

വിദ്യാഭ്യാസപുരോഗതിയും പണക്കൊഴുപ്പും നമ്മെ വല്ലാതെ സുഖിപ്പിക്കുന്നുണ്ട്. പക്ഷേ, വിദ്യയിലൂടെ ലഭിക്കേണ്ട സാംസ്കാരികമേന്മ നമുക്ക് ക്രമേണ അന്യമാവുകയാണ്. ഉണ്ടായിരുന്ന സാംസ്കാരികത്തനിമ നാം മുമ്പെങ്ങാനോ കൈവെടിയുകയും ചെയ്തു. അത് പ്രായം കൂടിയവർ കൈവശം വെച്ചിരിക്കുന്ന (ദു)ശീലമായി പരിണാമഗുപ്തിയടഞ്ഞുകഴിഞ്ഞു. ഇവിടെ പണക്കൊഴുപ്പിൻെറ അരാചകത്വമാണ് നടക്കുന്നത്. അതിനെ സംസ്കാരം എന്നല്ല വിളിക്കേണ്ടത്, അപഥസഞ്ചരം എന്നാണ് പറയേണ്ടത്.

സ്ത്രീപീഡനത്തിന് ഒരു പഞ്ഞവുമില്ലാത്ത നാടായി മാറിയിരിക്കുന്നു ദൈവത്തിൻെറ സ്വന്തം നാട് (?) എന്ന് ഊറ്റം പറയപ്പെടുന്ന കേരളം. സാധാരണക്കാരുടെയും ഉദ്യോഗസ്ഥരുടെയും നിയമപാലകരുടെയുമൊക്കെ പങ്ക് ഇക്കാര്യത്തിൽ തുല്യവും അവിശുദ്ധവുമാണ്. ജുഡീഷ്യറിയെ പോലും കബളിപ്പിക്കാൻ അത്തരക്കാർക്ക് സാധിക്കുന്നു. രാഷ്ട്രീയം തന്നെയാണ് ഇത്തരം വാണിഭത്തിലും വില്ലനാകുന്നത്.

പണത്തിൻെറ സ്വാധീനവും പലതിനെയും അനുകരിക്കാനുള്ള തിടുക്കവും അവനവൻെറ സ്ഥാനം വിസ്മരിച്ചുള്ള ജീവിതശൈലിയുമാണ് ഈ പിഴവുകൾക്കൊക്കെ പ്രധാന കാരണം. ഏതെങ്കിലും വിഭാഗത്തെ മാത്രം പഴിച്ചതുകൊണ്ട് കാര്യമില്ല. ചാനൽസംസ്കാരവും ഈ ഉത്തരവാദിത്തത്തിൽനിന്ന് പുറത്തല്ല.

കൗമാരപ്രായക്കാരെയും ഈ വേട്ടയിൽനിന്നൊഴിച്ചുനിർത്താൻ നമ്മുടെ വൈകാരികദാഹത്തിന് സാധിക്കുന്നില്ല. അത്രമാത്രം നാം മൃഗീയരായിരിക്കുന്നു. തനിച്ചൊരുത്തിക്ക് യാത്ര ചെയ്യാനാകാത്ത വിധം കാര്യങ്ങൾ എത്തിയിരിക്കുന്നു.

ഇവിടെ ഒരു മറുവശവും കാണാതിരുന്നുകൂടാ.സ്ത്രീ മഹതിയാണ്. വീടിൻെറ ഭരണാധികാരിയാണ്. അവൾ നില്ക്കേണ്ട സ്ഥാനത്ത് അവൾ നില്ക്കണം. പുരുഷന്മാർ കുടുംബരംഗത്തെ കൈകാര്യകർത്താക്കളാണ്. അവരുടെ മാന്യമായ പദവി അവരും സംരക്ഷിക്കണം. കുട്ടികളുടെ സൂക്ഷ്മതയും ഒതുക്കവും കുട്ടികളും മുറുകെ പിടിക്കണം. മുതിർന്നവർ അവരുടെ ഉത്തരവാദിത്തത്തിൻെറ ഗൗരവം കളഞ്ഞുകളിക്കരുത്. എന്നാൽ ഈ ബോധവും ഉത്തരവാദിത്തവും നമുക്ക് നിലനിർത്താൻ സാധിക്കുന്നില്ല എന്നതാണ് സത്യം.

ഓരോരുത്തർക്കും ഓരോ മേഖലയും ജീവിതശൈലിയുമുണ്ട്. ഓരോന്നിനും ചില പരിധികളും നിർണയിക്കപ്പെട്ടിട്ടുണ്ട്. ഈ നിർണയം ദൈവികമാണ്. ജീവിതത്തിൻെറ സമാധാനവും സംതുലനവും നിലനില്ക്കുന്നത് അതിലാണ്. അവ ലംഘിക്കുന്നേടത്ത് പിശാച് കടന്നുവരും.

ഓരോരുത്തരുടെയും കീഴിലുള്ളവരെ ശ്രദ്ധിക്കേണ്ട ചുമതല ഓരോരുത്തരുടെതുമാണ്. ബന്ധങ്ങളും ഫ്രണ്ട്ഷിപ്പുമൊക്കെ വേണം. അതിനും അതിൻെറതായ പരിധികൾ പാലിക്കാൻ സാധിക്കണം. സൂക്ഷ്മതയാണ് വലിയ ആയുധം.